"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ - പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തുക ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3028/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 06.10.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നടത്തിയ വികസന പ്രവർത്തനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ച് ഒരു പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ പരിധിയിലെ മുഴുവൻ ജനങ്ങളിലേക്കും എത്തിക്കുന്നതിനായി പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ ഒന്നര ലക്ഷം കോപ്പി പ്രിന്റ് ചെയ്യുന്നതിനാണ് കൗൺസിൽ ഉദ്ദേശിക്കുന്നതായും ആയതിന് ചെലവ് വരുന്ന 40 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും കോഴിക്കോട് കോർപ്പറേഷൻ മേയർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നടത്തിയ വികസന പ്രവർത്തനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ച് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ ഒന്നര ലക്ഷം കോപ്പികൾ പ്രിന്റ് ചെയ്തതിന് തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി നടത്തിയ ₹40,00,000/- (നാൽപ്പത് ലക്ഷം രൂപ മാത്രം) വരെയുള്ള ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 20-12-2025 16:54:32

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.